All Kerala Press Release 31.10.2108

**കുട്ടികൾ യേശുവിന്റെ മനോഭാവം സ്വീകരിക്കണം: ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

മാവേലിക്കര: കുട്ടികൾ യേശു ജീവിതത്തിൽ പുലർത്തിയ മനോഭാവത്തോടെ തങ്ങളുടെ പഠനകാലഘട്ടം പൂർത്തീകരിക്കണമെന്ന് മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്. കെ.സി.എസ്.എൽ. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കറ്റാനം പോപ്പ് പയസ് XI ഹയർ സെക്കന്ററി സ്കൂളിൽ നടന്ന "വീ ഫോർ ക്രൈസ്റ്റ് വി ഫോർ ഫെയ്ത്ത്" പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അഭിവന്ദ്യപിതാവ്.

ഈ കാലഘട്ടത്തിലെ സാമൂഹ്യാന്തരീക്ഷവും നവമാധ്യമസംസ്ക്കാരവുമെല്ലാം വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ വിശ്വാസസംരക്ഷണം അവകാശവും കടമയുമാണെന്ന് പിതാവ് അഭിപ്രായപ്പെട്ടു. വിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ ജീവിതശൈലി സ്വീകരിച്ച് വിദ്യാർത്ഥികൾ ക്രിസ്തുവിന്റെ വഴിയെ ചരിക്കാനുള്ള പരിശീലനം കെ.സി.എസ്.എൽ സംഘടന നല്കുന്നത് അഭിനന്ദാർഹമാണ്. കൂദാശകളും ക്രൈസ്തവവിശ്വാസവും അവഹേളിക്കപ്പെടുന്ന ഈ കാലഘട്ടം കുട്ടികളുടെ പരിശീലനം സഭാനേതൃത്വം അതീവ ഗൗരവത്തോടെ കാണുന്നു. കെ.സി.എസ്.എൽ കേരളത്തിലെ കത്തോലിക്കാ വിദ്യാർത്ഥികളിൽ കഴിഞ്ഞ 104 വർഷങ്ങളായി നല്കുന്ന വിശ്വാസബോധ്യങ്ങൾ സഭ വിലമതിക്കുന്നു എന്നും പിതാവ് കൂട്ടിച്ചേർത്തു.

കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പള്ളിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. സംസ്ഥാന ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ ആമുഖ സന്ദേശം നല്കി. മാവേലിക്കര രൂപതാ കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. ജോസഫ് പടിപ്പുര സ്വാഗതവും സംസ്ഥാന ഓർഗനൈസർ സിറിയക് നരിതൂക്കിൽ കൃതജ്ഞതയും അർപ്പിച്ചു. സംസ്ഥാന ചെയർമാൻ മാസ്റ്റർ ആന്റണി എൽഡ്രിൻ, സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ഡെയ്സി എസ്, സംസ്ഥാന കമ്മറ്റി അംഗങ്ങളായ മനോജ് ചാക്കോ, ഷാജു എ. തോമസ്, സി. മോളി ദേവസ്സി, മിനി ബാബു, വിദ്യാർഥി ഭാരവാഹികൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

**ഫാ. തോംസൺ പഴയചിറപീടികയിൽ**
സംസ്ഥാന ഡയറക്ടർ, കെ.സി.എസ്.എൽ.

ഫോട്ടോ മാറ്റർ: കെ.സി.എസ്.എൽ. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കറ്റാനം പോപ്പ് പയസ് XI ഹയർ സെക്കന്ററി സ്കൂളിൽ നടന്ന സംസ്ഥാനതല ഉദ്ഘാടനം ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്. ഉദ്ഘാടനം ചെയ്യുന്നു. മനോജ് ചാക്കോ, സിറിയക് നരിത്തൂക്കിൽ, മാത്തുക്കുട്ടി കുത്തനാപ്പള്ളിൽ, ഫാ. ജോസഫ് പടിപ്പുര, ഫാ. തോംസൺ പഴയചിറപീടികയിൽ, ആന്റണി എൽഡ്രിൻ, ശ്രീമതി ഡെയ്സി എസ് എന്നിവർ സമീപം